**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6543** **21/11/2019 ൽ മറുപടിയ്ക്ക്**

# ഇതര സംസ്ഥാന തൊഴിലാളികളെ മലയാളഭാഷ അഭ്യസിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് താമസിച്ച് തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളെ മലയാളഭാഷ അഭ്യസിപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികളെക്കുറിച്ച് വിശദവിവരങ്ങൾ നൽകാമോ; | (എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനായി **"ചങ്ങാതി"** എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇവർക്കായി സാക്ഷരതാ മിഷൻ **'ഹമാരി മലയാളം'** എന്ന പേരിൽ പ്രത്യേക സാക്ഷരതാ പാഠപുസ്തകം തയ്യാറാക്കിയാണ് പഠിപ്പിച്ചത്. അന്യ സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ **'റോഷ്നി'** എന്ന പദ്ധതി നടപ്പാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾ വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) പ്രസ്തുത പദ്ധതികൾ എല്ലാം തന്നെ വിജയകരമാണ്. |
| (സി) പ്രസ്തുത പദ്ധതികൾ എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) എറണാകുളം ജില്ലയിലെ വിവിധ ഉപജില്ലകളിലായി 38 സ്കൂളുകളിൽ **'റോഷ്നി'** പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. വിവിധ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ **'ചങ്ങാതി'** പദ്ധതി നടപ്പിലാക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ